**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **22-02-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഓപ്റ്റിക്കൽ ഗ്രൗണ്ട് വയർ എത്ര കിലോമീറ്റർ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ 55 കിലോമീറ്റർ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ജില്ലയിലെ എത്ര സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ പദ്ധതിയുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിലെ 724 സർക്കാർ ഓഫീസുകളിൽ 2022 ജൂൺ മാസത്തോടെ കെ-ഫോൺ പദ്ധതിയുടെ സേവനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ജില്ലയിലെ നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ മുഴുവൻ പണിയും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | കെ-ഫോൺ പദ്ധതിയുടെ ഏക നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്റർ എറണാകുളത്താണ് സ്ഥിതി ചെയ്യുന്നത്. നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ മുഴുവൻ പണിയും പൂർത്തിയായിട്ടുണ്ട്. ജില്ലയിലെ കോർ പോപ്പിന്റെ (Core Point of Presence) പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ